പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3101 19-6-2018 ലെ മറുപടിക്ക്

കൃഷിവകുപ്പിന്റെ മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി.എസ്.ശിവകുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, റോജി എം.ജോൺ<br>,, സണ്ണി ജോസഫ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കർഷകർക്ക് തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലത്തിൽ പങ്കെടുത്ത് വിപണനം ചെയ്യുന്നതിന് കൃഷി വകുപ്പ് ആരംഭിച്ച മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അവ കർഷകർക്ക് എത്രമാത്രം പ്രയോജനപ്രദമായതായി കണ്ടെത്തിയിട്ടുണ്ട്; | (എ) ഉണ്ട്. കൃഷി വകുപ്പ് ആരംഭിച്ച ആറ് മൊത്ത വിപണന കേന്ദ്രങ്ങളിൽ കർഷകർക്ക് നിശ്ചിത ദിവസങ്ങളിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കുന്നതിനും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടത്തരക്കാരെ ഒഴിവാക്കി പൊതു വിപണിയേക്കാൾ ഉയർന്ന നിരക്കിൽ വിപണനം നടത്തുന്നതിനും സാധിക്കുന്നു. ഇതുമൂലം കർഷകർക്ക് ന്യായവില ഉറപ്പാക്കാൻ സാധിക്കുന്നു. |
| (ബി) പ്രസ്തുത മാർക്കറ്റുകളെ നാഷണൽ അഗ്രിക്കൾച്ചറൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കൃഷി വകുപ്പ് ആരംഭിച്ച ആറ് മൊത്ത വിപണന കേന്ദ്രങ്ങളെയും നാഷണൽ അഗ്രിക്കൾച്ചറൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത വിപണന കേന്ദ്രങ്ങളിൽ വിഭവങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) പര്യാപ്തമാണ്. എന്നാൽ സംസ്ഥാനത്ത് കോൾഡ് ചെയിൻ നടപ്പാക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ -ന്റെ നിർദ്ദേശ പ്രകാരം NABCONS (നബാർഡ് കൺസൾട്ടൻസി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്) നെ ഏൽപ്പിക്കുകയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരള യുടെ ഗവേണിംഗ് ബോഡി മുമ്പാകെ 25 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ ജോയിന്റ് സെക്രട്ടറിക്ക് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കത്ത് അയച്ചിട്ടുണ്ട്. |

അണ്ടർസെക്രട്ടറി